بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 29.11.2024

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.*

# തിരുനബി ചരിത്രം: ഹുദൈബിയാ സന്ധി - 3

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ۝ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ اَلرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ

نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ

عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ۝

ഹുദൈബിയ സന്ധിയുടെ സംഭവങ്ങളാണ് വിവരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ കൂടുതൽ വിവരണങ്ങൾ കേൾപ്പിക്കാം. ഈ സന്ദർഭത്തിൽ സ്വഹാബാക്കളെ കാവൽ ഡ്യൂട്ടിയിൽ നിർത്തിയിട്ടുണ്ടായിരുന്നു. ഇത് സംബന്ധിച്ച് പറയുന്നു: റസൂലുല്ലാഹ്(സ) തന്റെ സഹാബാക്കൾക്ക് രാത്രി സമയത്ത് കാവലിന് കൽപ്പന നൽകിയിരുന്നു. എല്ലാ ദിവസവും മൂന്ന് ആളുകൾ ഊഴമനുസരിച്ച് കാവൽ നിന്നിരുന്നു.

മുസ്‌ലിംകളിലെ ഏതാനും വ്യക്തികൾ തിരുനബി(സ)ന്റെ അനുമതിയോട്കൂടി മക്കയിൽ പ്രവേശിച്ചതിനെ സംബന്ധിച്ചും പരാമർശം ലഭിക്കുന്നുണ്ട്. ഇവർ ഹദ്റത്ത് ഉസ്മാൻ(റ)ന്റെ സംരക്ഷണത്തിലാണ് മക്കയിൽ പ്രവേശിച്ചത്. അവർ രഹസ്യമായാണ് അവിടേക്ക് കടന്നതെന്നും പറയപ്പെടുന്നു. ഈ മുസ്‌ലിംകളെ സംബന്ധിച്ച് ഖുറൈശികൾക്ക് അറിവ് കിട്ടിയപ്പോൾ അവർ അവരെ പിടികൂടി. ഖുറൈശികൾക്ക് തങ്ങളുടെ കൂട്ടുകാരെ ബന്ധനസ്ഥരാക്കിയതിനെ സംബന്ധിച്ചും അറിവ് ലഭിച്ചിരുന്നു. അവരെ മുഹമ്മദ് ബിൻ മസ്‌ലമഃ തടഞ്ഞുവെച്ചതാണ്. ഖുറൈശികളുടെ ആയുധധാരികളായ ഒരു സംഘം മുസ്‌ലിങ്ങളെ ആക്രമിക്കുകയും ചെയ്തു. അവർ അമ്പും കല്ലും വർഷിക്കാൻ തുടങ്ങി. മുശ്‌രിക്കീങ്ങളുടെ പന്ത്രണ്ട് കുതിരപ്പടയാളികളെ മുസ്‌ലിംകൾ ബന്ദിയാക്കി. മുസ്‌ലിംകളിലെ ഹദ്റത്ത് ഇബ്നു സുനൈം ശഹീദ് ആവുകയുണ്ടായി. ഖുറൈശികൾ അദ്ദേഹത്തെ അമ്പെയ്തു കൊലപ്പെടുത്തുകയായിരുന്നു.

തുടർന്ന് ഖുറൈശികൾ ഒരു സംഘത്തെ നബി(സ)യുടെ അടുക്കലേക്ക് അയച്ചു. അവരിൽ സുഹൈൽ ബിൻ അംറും ഉണ്ടായിരുന്നു. നബി(സ) അയാളെ ദൂരെ നിന്ന് കണ്ടപ്പോൾ തന്നെ സ്വഹാബാക്കളോട് പറഞ്ഞു, സുഹൈൽ മുഖേന നിങ്ങളുടെ കാര്യങ്ങൾ സഹൽ അഥവാ എളുപ്പമാകുന്നതാണ്. ആ സമയത്ത് സുഹൈൽ നബി(സ)യുടെ അടുക്കലെത്തി പറഞ്ഞു: താങ്കളുടെ കൂട്ടുകാരെ, അതായത് ഉസ്മാനെയും മറ്റു പത്ത് സഹാബാക്കളെയും ബന്ദികളാക്കുകയും ഞങ്ങളുടെ ചില ആളുകൾ താങ്കളോട് ഏറ്റുമുട്ടിയതും സംബന്ധമായിട്ടുള്ള കാര്യങ്ങളിൽ ഞങ്ങളുടെ ഭാഗത്തുനിന്ന് കാര്യപ്രാപ്തിയുള്ള ആരും വന്നിട്ടുണ്ടായിരുന്നില്ല. അത് അറിഞ്ഞപ്പോൾ ഞങ്ങൾക്ക് അതിൽ വലിയ അസ്വസ്ഥത ഉണ്ടായി. അതേപ്പറ്റി ഞങ്ങൾക്ക് അറിവില്ലായിരുന്നു. ഞങ്ങളിലുള്ള ഗ്രാമീണരായ ആളുകളാണ് അതെല്ലാം ചെയ്തത്. അതുകൊണ്ട് രണ്ട് തവണയായി താങ്കൾ പിടികൂടിയിട്ടുള്ള ഞങ്ങളുടെ ആളുകളെ തിരിച്ചയക്കണം. നബി(സ) പറഞ്ഞു: ഞങ്ങളുടെ കൂട്ടുകാരെ വിട്ടയക്കുന്നത്വരെയും ഇവരിൽ ആരെയും ഞാൻ തിരിച്ചയക്കുന്നതല്ല. അപ്പോൾ അവർ പറഞ്ഞു, അങ്ങനെയാണെങ്കിൽ ഞങ്ങളവരെ വിട്ടയക്കാം. തുടർന്ന് ഖുറൈശികൾ ഹദ്റത്ത് ഉസ്മാനെയും മറ്റ് പത്തു സ്വഹാബാക്കളെയും തിരിച്ചയച്ചു. അപ്പോൾ നബി(സ)യും അവരുടെ ആളുകളെ വിട്ടയക്കുകയുണ്ടായി.

ഹദ്റത്ത് ഉസ്മാനെ കാഫിരീങ്ങൾ പിടികൂടിയതിനെപ്പറ്റി അറിവ് കിട്ടിയപ്പോൾ നബി(സ) സഹാബാക്കളിൽ നിന്ന് ഒരു ബൈഅത്ത് അഥവാ ശപഥം വാങ്ങുകയുണ്ടായി. അത് ബൈഅത്ത് റിദ്‌വാൻ എന്ന് അറിയപ്പെടുന്നു. ഖുറൈശികൾക്ക് ഈ ബൈഅത്തിന്റെ കാര്യം മനസിലായപ്പോൾ അവർ വളരെയേറെ ഭയപ്പെട്ടു. അവരിലെ കാര്യപ്രാപ്തിയുള്ള ആളുകൾ, മുസ്‌ലിംകളുമായി സന്ധി ചെയ്തുകൊണ്ട് രഞ്ജിപ്പിലെത്തുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

അതായത് ഈ വർഷം താങ്കൾ തിരിച്ചു പോവുക. അടുത്ത വർഷം മൂന്ന് ദിവസം മക്കയിൽ താമസിക്കാവുന്നതാണ്. പക്ഷെ താങ്കളോടൊപ്പം നൂറ് ആളുകൾക്ക് അത്യാവശ്യമുള്ള ആയുധങ്ങൾ, അതായത് ഉറയിൽ കിടക്കുന്ന വാളും വില്ലുകളും മാത്രം കരുതാവുന്നതാണ് എന്ന് പറഞ്ഞ് സന്ധി ചെയ്യാം.

ഹുദൈബിയ സന്ധിയെ സംബന്ധിച്ച് ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു, സുഹൈൽ ബിൻ അംറ് നബി(സ)ന് മുമ്പിൽ എത്തി നബി(സ)യെ കണ്ട ഉടൻ തന്നെ പറഞ്ഞു: വരൂ, നീണ്ട തർക്കങ്ങൾ മാറ്റിവെക്കാം. ഞങ്ങൾ സന്ധി ചെയ്യാൻ തയ്യാറാണ്. നബി(സ) പറഞ്ഞു: ഞങ്ങളും തയ്യാറാണ്. ഈ നിർദ്ദേശത്തോടൊപ്പം തന്നെ തന്റെ സെക്രട്ടറി, ഹദ്റത്ത് അലി(റ)നെ വിളിച്ചു. നിബന്ധനകൾ സംബന്ധിച്ച് ഒരു പൊതുവായ ചർച്ച നേരത്തെ കഴിഞ്ഞതായിരുന്നു. വിശദാംശങ്ങളെ സംബന്ധിച്ച് കുറേക്കൂടെ തീരുമാനം ആകേണ്ടതുണ്ടായിരുന്നു. അത്കൊണ്ട് എഴുത്തുകാരൻ ഹദ്റത്ത് അലി(റ) വന്ന ഉടൻ തന്നെ നബി(സ) അദ്ദേഹത്തോട് എഴുതാൻ പറഞ്ഞു. അങ്ങനെ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നാണ് തുടങ്ങിയത്. സുഹൈൽ സന്ധിക്ക് തയ്യാറായിരുന്നുവെങ്കിലും ഖുറൈശികളുടെ അവകാശ സംരക്ഷണത്തിലും മക്കക്കാരുടെ ആദരവിന്റെ കാര്യത്തിലും വളരെ ജാഗ്രത കാട്ടിയിരുന്നു. അയാൾ (ഉടനെ പറഞ്ഞു: ഈ റഹ്മാൻ എന്താണ്? ഞങ്ങൾക്ക് അറിയില്ല.) അറബികൾ എപ്പോഴും എഴുതുന്നത്പോലെ ബിസ്മിക്കല്ലാഹുമ്മ എന്ന് എഴുതാൻ നിർബന്ധിച്ചു. മറുഭാഗത്ത് മുസ്‌ലിങ്ങൾക്കും തങ്ങളുടെ ജനതയുടെ അന്തസ്സിന്റെയും മതപരമായ വികാരത്തിന്റെയും പ്രശ്നമുണ്ടായിരുന്നു. അവരും ഈ മാറ്റത്തിൽ പെട്ടെന്ന് സ്തബ്ധരായി പറഞ്ഞു. ഞങ്ങൾ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്ന് തന്നെ എഴുതുന്നതാണ്. പക്ഷെ നബി(സ), ഇല്ല ഇങ്ങനെ എഴുതുന്നതിൽ പ്രശ്നമില്ലെന്നും സുഹൈൽ പറഞ്ഞത്പോലെ എഴുതുക എന്നും പറഞ്ഞ് മുസ്‌ലിംകളെ നിശ്ശബ്ദരാക്കി. തുടർന്ന് നബി(സ) പറഞ്ഞു: മുഹമ്മദ് റസൂലുല്ലാഹ് ചെയ്യുന്ന ഉടമ്പടി എന്ന് എഴുതൂ. അപ്പോൾ സുഹൈൽ വീണ്ടും ഇടപെട്ടു. റസൂലുല്ലാഹ് എന്ന് എഴുതാൻ ഞങ്ങൾ സമ്മതിക്കില്ല. (റസൂൽ ആണെന്ന് അംഗീകരിച്ചാൽ പിന്നെ സന്ധിയുടെ ആവശ്യമെന്ത്) നബി(സ) പറഞ്ഞു: നിങ്ങൾ അംഗീകരിച്ചാലും ഇല്ലെങ്കിലും ഞാൻ അല്ലാഹുവിന്റെ ദൂതൻ തന്നെയാകുന്നു. അതേ സമയം ഞാൻ മുഹമ്മദ് ബിൻ അബ്ദുല്ലാഹ്‌യും ആകുന്നു. അതുകൊണ്ട് അങ്ങനെ തന്നെയാകട്ടെ. എന്നാൽ അതിനിടയിൽ നബി(സ)ന്റെ എഴുത്തുകാരൻ ഹദ്റത്ത് അലിയുടെ ആവേശത്തെപറ്റിയും പരാമർശമുണ്ട്. ഉടമ്പടിയിൽ എഴുതിയ മുഹമ്മദ് റസൂലുല്ലാഹ് എന്ന വാക്കുകൾ മായ്ക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. നബി(സ) (അദ്ദേഹത്തിന്റെ അസ്വസ്ഥഭരിതമായ അവസ്ഥ കണ്ടപ്പോൾ) സ്വയം തന്നെ മായ്ക്കുകയുണ്ടായി.

ഈ സന്ദർഭത്തിൽ ഹദ്റത്ത് ഉമർ(റ)ന്റെ ആവേശത്തെ സംബന്ധിച്ചും പരാമർശം കാണപ്പെടുന്നുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അബൂബക്കർ(റ)ന്റെ പ്രത്യേക ഗുണം ഇങ്ങനെ വിവരിക്കുന്നു. ഒരിക്കൽ തിരുനബി(സ) സ്വഹാബാക്കളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ഞാൻ നിങ്ങൾക്ക് ഒരുപാട് കൽപ്പനകൾ നൽകിയിട്ടുണ്ട്. പക്ഷെ ഞാൻ നിങ്ങളിൽ ആത്മാർത്ഥരായ പലരുടെയും ഉള്ളിൽ ചില സമയത്ത് പ്രതിരോധിക്കാനുള്ള മനസും കാണുകയുണ്ടായി. പക്ഷെ അബൂബക്കറിനുള്ളിൽ ഞാൻ ഈ ഒരു അവസ്ഥ ഒരിക്കലും കണ്ടിട്ടില്ല. അദ്ദേഹം ഒരിക്കലും ഞാൻ പറയുന്ന കാര്യങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും നിരാകരിച്ചതായി കണ്ടിട്ടില്ല.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഹുദൈബിയ സന്ധിയെ സംബന്ധിച്ച് എഴുതുന്നു, ഏതായിരുന്നാലും നീണ്ട ചർച്ചകൾക്കൊടുവിൽ ഈ ഉടമ്പടി പൂർണതയിലെത്തി. ഏറെക്കുറെ എല്ലാ കാര്യത്തിലും നബി(സ) തന്റെ കാര്യങ്ങൾ ഉപേക്ഷിച്ച് ഖുറൈശികളുടെ ആവശ്യങ്ങൾ അംഗീകരിച്ചു കൊടുത്തു. മാത്രമല്ല, ദൈവേച്ഛ അനുസരിച്ച് ബൈത്തുല്ലായുടെ ആദരവിനെ മുൻനിർത്തി ഖുറൈശികളുടെ എല്ലാ ആവശ്യങ്ങളെയും അംഗീകരിക്കുമെന്നും ഏത് അവസ്ഥയിൽ ആണെങ്കിലും ഹറമിന്റെ ആദരവ് നിലനിർത്തുമെന്നുമുള്ള തന്റെ ശപഥത്തെ ആത്മാർത്ഥമായി നിറവേറ്റുകയുണ്ടായി. ഈ ഉടമ്പടിയുടെ രണ്ട് പകർപ്പുകൾ ഉണ്ടാക്കി. സാക്ഷികളെന്ന നിലക്ക് ഇരു പക്ഷത്തുമുള്ള നിരവധി പ്രമുഖരായ ആളുകൾ അതിൽ കയ്യൊപ്പ് വെച്ചിരുന്നു. ഉടമ്പടി പൂർത്തിയായ ശേഷം സുഹൈൽ ബിൻ അംറ് അതിന്റെ ഒരു പകർപ്പുമായി മക്കയിലേക്ക് തിരിച്ചുപോയി. ഒരു പകർപ്പ് നബി(സ)ന്റെ പക്കലാണ് ഉണ്ടായിരുന്നത്.

സ്വഹാബാക്കളുടെ അസ്വസ്ഥതയെ സംബന്ധിച്ചും പരാമർശമുണ്ട്. നബി(സ) ഈ ലിഖിതം എഴുതി വിരമിച്ചപ്പോൾ തന്റെ സ്വഹാബാക്കളോട് പറഞ്ഞു: എഴുന്നേറ്റ് നിങ്ങളുടെ ഒട്ടകങ്ങളെ ബലിയറുക്കുക; തല മുണ്ഡനവും ചെയ്യുക. പക്ഷെ അവരിൽ ആരും തന്നെ എഴുന്നേറ്റില്ല. നബി(സ) മൂന്ന് തവണ ഈ കാര്യം ആവർത്തിച്ചു പറഞ്ഞു.

അതിൽ തിരുനബി(സ)ന് സങ്കടം വരികയും തിരുനബി(സ) നിശബ്ദനായി തന്റെ കൂടാരത്തിനകത്തേക്ക് പോവുകയും ചെയ്തു. കൂടാരത്തിനകത്ത് തിരുനബി(സ)യുടെ ധർമപത്നി ഹദ്റത്ത് ഉമ്മെ സൽമ ഉണ്ടായിരുന്നു. അവർ വളരെയേറെ കൂർമ ബുദ്ധിയുള്ള മഹതിയായിരുന്നു. ഈ ദൃശ്യങ്ങളെല്ലാം അവർ കാണുന്നുണ്ടായിരുന്നു. അവർ തന്റെ പ്രിയപ്പെട്ട ഭർത്താവ് അസ്വസ്ഥഭരിതമായ അവസ്ഥയിൽ അകത്തേക്ക് വരുന്നത് കണ്ടു. തിരുനബി(സ)ൽനിന്ന് അതിന്റെ അസ്വസ്ഥഭരിതമായ വിശദീകരണം അറിഞ്ഞപ്പോൾ വളരെയേറെ സഹാനുഭൂതിയോടും സ്നേഹത്തോടും കൂടി പറഞ്ഞു: യാ റസൂലല്ലാഹ്, അങ്ങ് വിഷമിക്കേണ്ടതില്ല. അങ്ങയുടെ സഹാബാക്കൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധിക്കാരികളല്ല. പക്ഷേ സന്ധി നിർദേശങ്ങൾ അവരെ ദുഃഖഭാരത്താൽ ഉന്മാദരാക്കിയിരിക്കുന്നു. എന്റെ അഭിപ്രായത്തിൽ അങ്ങ് അവരെ ഒന്നും പറയരുത്. മറിച്ച് നിശ്ശബ്ദനായിപ്പോയി തന്റെ ബലിമൃഗത്തെ അറുത്ത് തല മുണ്ഡനം ചെയ്യുക. പിന്നെ അങ്ങയുടെ സ്വഹാബാക്കൾ സ്വയം അങ്ങയെ അനുധാവനം ചെയ്യുന്നതാണ്. നബി(സ)ക്ക് ഈ അഭിപ്രായം ഇഷ്ടമായി; അപ്രകാരം പ്രവർത്തിച്ചു. (ഇത് കണ്ട സ്വഹാബാക്കളും പെട്ടെന്ന് അപ്രകാരം പ്രവർത്തിക്കാൻ തുടങ്ങി.)

നിവേദനങ്ങളിൽ പറയുന്നു: നബി(സ) ഹുദൈബിയയിൽ 19 ദിവസം തങ്ങുകയുണ്ടായി. ഇരുപത് രാത്രികൾ തങ്ങിയെന്നും പറയുന്നു. നബി(സ) മടക്കയാത്രയിൽ അസ്ഫാന് സമീപം കുറാഉൽ ഗമീം എന്ന സ്ഥലത്തെത്തി. രാത്രി സമയമായിരുന്നു. എല്ലാ സഹാബാക്കളെയും ഒരുമിച്ചുകൂട്ടി പറഞ്ഞു. ഇന്ന് രാത്രി എനിക്ക് ഒരു സൂറത്ത് (സൂറഃ അൽ ഫത്ഹ്) അവതരിച്ചിരിക്കുന്നു. അതെനിക്ക് എല്ലാ ഭൗതിക കാര്യങ്ങളെക്കാളും ഏറെ പ്രിയപ്പെട്ടതാണ്. (സൂറഃ അൽഫത്ഹിലെ 2 മുതൽ 4 വരെയുള്ള ആയത്തുകളും 28 ാമത്തെ ആയത്തും) തിരുനബി(സ) സ്വഹാബാക്കൾക്ക് കേൾപ്പിച്ചപ്പോൾ ചില സ്വഹാബികളുടെ ഹൃദയത്തിൽ അപ്പോഴും ഹുദൈബിയ സന്ധിയുടെ അസ്വസ്ഥതകൾ ബാക്കിയുണ്ടായിരുന്നു. അവർ പ്രത്യക്ഷത്തിൽ പരാജയപ്പെട്ടു തിരിച്ചുപോകുന്ന ഈ അവസ്ഥയിൽ അല്ലാഹു തങ്ങൾക്ക് വിജയാംശസകൾ നേരുന്നതിൽ അത്ഭുതം കൂറുന്നുണ്ടായിരുന്നു. ചില ധൃതികാണിക്കുന്ന സ്വഹാബാക്കൾ ബൈത്തുല്ലായെ ത്വവാഫ് ചെയ്യാതെ തിരിച്ചു പോകുന്നതാണോ വിജയം എന്നും മറ്റും പറഞ്ഞിരുന്നു. ഈ കാര്യം നബി(സ)ന്റെ അടുക്കലെത്തിയപ്പോൾ ഏറെ ദേഷ്യപ്പെടുകയും വളരെ ആവേശഭരിതനായി ഒരു ചെറിയ പ്രഭാഷണം നടത്തിക്കൊണ്ട് പറഞ്ഞു: ഇത് വളരെ മോശമായ ആക്ഷേപമാകുന്നു. (ഹുദൈബിയ സന്ധി ഒരു വലിയ വിജയമാകുന്നു.) യുദ്ധമൈതാനത്ത് നമുക്കെതിരിൽ ഇറങ്ങിയിരുന്ന ഖുറൈശികൾ സ്വയം യുദ്ധം ഉപേക്ഷിച്ച് സമാധാന ഉടമ്പടി ചെയ്തിരിക്കുന്നു. അടുത്ത വർഷം നമുക്ക്വേണ്ടി മക്കയുടെ കവാടങ്ങൾ തുറക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു. നമ്മൾ സമാധാനപൂർവം, മക്കക്കാരുടെ ഫിത്നകളിൽ നിന്നെല്ലാം സുരക്ഷിതരായി, വരാനുള്ള വിജയങ്ങളുടെ സുഗന്ധവും ആസ്വദിച്ച്കൊണ്ട് തിരിച്ചുപോവുകയാണ്. ചുരുക്കത്തിൽ തീർച്ചയായും ഇത് വളരെ മഹത്തായ ഒരു വിജയമാകുന്നു. ഈ ഖുറൈശികൾ ഉഹദ്, അഹ്സാബ് യുദ്ധങ്ങളിൽ നിങ്ങൾക്കെതിരിൽ എങ്ങനെയാണ് അക്രമോൽസുകരായി വന്നത് എന്ന ദൃശ്യങ്ങൾ നിങ്ങൾ മറന്നു പോയോ? ഈ ഭൂമി വിശാലമായിരുന്നിട്ട് പോലും നിങ്ങൾക്ക്മേൽ കുടുസ്സായി തീർന്നിട്ടുണ്ടായിരുന്നു. നിങ്ങളുടെ കണ്ണുകൾ അന്ധാളിച്ചുപോയി. കരളുകൾ വായിലേക്കെത്തുന്ന അവസ്ഥയിലായിരുന്നു. പക്ഷേ ഇന്ന് ഇതേ ഖുറൈശികൾ നിങ്ങളുമായി സമാധാന കരാറിൽ ഏർപ്പെടുകയാണ്. സ്വഹാബാക്കൾ പറഞ്ഞു, യാ റസൂലുല്ലാഹ് ഞങ്ങൾക്ക് ഇപ്പോൾ മനസിലായി. അങ്ങയുടെ ദൃഷ്ടികൾ എത്തിയ സ്ഥലത്ത് ഞങ്ങളുടെ ദൃഷ്ടികൾക്ക് എത്താൻ കഴിഞ്ഞില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹുദൈബിയ സംഭവത്തെ അല്ലാഹു ഫത്ഹേ മുബീൻ, അഥവാ പ്രകടമായ മഹത്തായ വിജയമെന്ന പേരിലാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു പറയുന്നു: **ഇന്നാ ഫതഹ്നാ ലക്ക ഫത്ഹൻ മുബീനാ** (തീർച്ചയായും നാം നിനക്ക് സ്പഷ്ടമായൊരു വിജയം നൽകിയിരിക്കുന്നു). ഈ വിജയം അധികം സ്വഹാബാക്കൾക്കും ഗോപ്യമായിരുന്നു. മാത്രമല്ല, അത് പല മുനാഫിഖീങ്ങളും മുർത്തദ്ദാകാൻ കാരണമായിത്തീർന്നു. വാസ്തവത്തിൽ ആ വിജയം വളരെ പ്രകടമായിരുന്നു. പക്ഷേ അതിന്റെ മുന്നൊരുക്കങ്ങൾ അദൃശ്യവും സൂക്ഷ്മവുമായിരുന്നു.

അല്ലാമാ ബിലാദരി എഴുതുന്നു, ഹുദൈബിയ സന്ധിയുടെ നിരവധി ഫലങ്ങൾ വെളിപ്പെടുകയുണ്ടായി. ഒടുവിൽ പരിശുദ്ധ മക്കാവിജയം ഉണ്ടായി. എല്ലാ മക്കക്കാരും ഇസ്ലാമിൽ പ്രവേശിച്ചു. ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്ലാമിലേക്ക് വന്ന് തുടങ്ങി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹുദൈബിയ സന്ധിയുടെ പരിശുദ്ധ ഫലങ്ങളിൽ ഒന്ന് ജനങ്ങൾക്ക് നബി(സ)ന്റെ അടുക്കൽ വരാൻ അവസരം കിട്ടി എന്നതാണ്. അവർ നബി(സ)ന്റെ കാര്യങ്ങൾ കേട്ടപ്പോൾ അവരിലെ നൂറ് കണക്കിന് ആളുകൾ മുസ്‌ലിങ്ങളായിത്തീർന്നു. (അത് വരെ ഉണ്ടായിരുന്ന തടസം തിരുനബി(സ)യെ മനസ്സിലാക്കുന്നതിൽ വിഘ്നമായിരുന്നു. ആ തടസം മാറി അവർ കാണുകയും കേൾക്കുകയും ചെയ്തപ്പോൾ വിശുദ്ധ സംഘത്തിൽ പ്രവേശിക്കുകയും ചെയ്തു.) ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤمِنُ بِهِ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 29.11.2024
Malayalam Translation: **Moulavi H. Shamsuddin Kavassery**
Typing: Tariq Alanallur, Layout: Moulavi T. Jamshad Mukkam, For Malayalam Desk, Qadian.
Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516